ശ്രീ. പാണ്ടവത്തു് ശങ്കരപ്പിള്ള : കൊച്ചി പ്രദേശത്തുള്ള തറികളും തിരുവിതാംകൂർ പ്രദേശത്തുള്ള തറികളും എത്രയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വിവരത്തെപ്പറ്റിയുള്ള ഒരു ചോദ്യം പുറകെ വരുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : നൂൽ വിതരണം ചെയ്യുന്നതു് പ്രത്യേക ഏജൻസികളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അസിസ്റ്റൻറ് രേഷനിംഗ് ആഫീസറാണു്.

റജിസ്റ്റർ ചെയ്യിട്ടുള്ള തറികൾ

* ൪ ൦ ൪. (ഉവ്വ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ പ്രദേശത്തും, കൊച്ചിൻ പ്രദേശത്തും എത്ര തറികൾ റജിസ്റ്റർ ചെയ്യിട്ടുണ്ടു്?

(ബി) തിരുവിതാംകൂറിൽ ഒരു തറിക്കു് ഒരു മാസത്തിൽ കാൽകെട്ടു് നൂൽ കൊടുക്കുമ്പോൾ, കൊച്ചിൻ പ്രദേശത്തു് ഒരു തറിക്കു് ഒരു കെട്ടു നൂൽ കൊടുക്കുവാനുള്ള പ്രത്യേകകാരണമെന്തു്?

(സി) ഫാക്ടറിയിലെ ഒരു തറിക്കു ഇപ്പോൾ ഒരു മാസത്തിൽ എത്ര നൂൽ കൊടുക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) തിരുവിതാംകൂറിൽ ഫൻ൪ ൫-ലെ സെൻസ്സസ്സു് പ്രകാരം ൩൦,൦൦൦ തറികളും കൊച്ചിയിൽ ൩,൦൦൦ തറികളും റജിസ്റ്റർ ചെയ്യിട്ടുണ്ടു്.

(ബി സി) തിരുവിതാംകൂറിൽ കൈത്തറി-നെയ്ത്തിനുള്ള ഫാക്ടറി തറികൾ വളരെ അധികം ഉള്ളതുകൊണ്ടു് മറ്റു തറികൾക്കു് നൂൽ അല്പം കുറഞ്ഞിട്ടുണ്ടു്. ഈ ഫാക്ടറികൾ ഫാക്ടറി ആക്ടു് പ്രകാരം റജിസ്റ്റർ ചെയ്യിട്ടുള്ളതാകകൊണ്ടു് അവക്കു് മുടങ്ങാതെ നൂൽ കൊടുക്കാൻ നിയമപ്രകാരം ബാദ്ധ്യതയുള്ളതാണു്. ഒക്ടോബർ മാസം മുതൽ ഫാക്ടറി നിയമപ്രകാരം റജിസ്റ്റർ ചെയ്യിട്ടുള്ള ഫാക്ടറികൾക്കു് ഒരു കെട്ടു നൂൽ വീതം കൊടുക്കുന്നുണ്ടു്. തിരുവിതാംകൂറിലെ ഫാക്ടറികളുടെ കണക്കാണു് ഞാൻ പറയുന്നതു്. ഇവിടെ ടെക്സ്റ്റൈൽ കമ്മീഷണർ തന്നിട്ടുള്ള കണക്കുകൾ അനുസരിച്ചു് ൩൦ ഫാക്ടറികൾ ഉണ്ടു്. അവ കുറെ അധികം നൂൽ കൺസ്യൂം ചെയ്യിട്ടുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ഫാക്ടറികൾ കൊച്ചിയിൽ ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊച്ചിയിൽ മൂന്നോ നാലോ ഫാക്ടറികൾ മാത്രമെ ഉള്ളു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : പ്രത്യേക വ്യക്തികൾക്കു് കൊടുക്കുന്നതു് ഫാക്ടറികളെ ഒഴിവാക്കിയിട്ടല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫാക്ടറി നിയമം അനുസരിച്ചു മുടക്കം കൂടാതെ ഫാക്ടറി നടക്കുന്നതിനു വേണ്ടി നൂൽ വിനിയോഗിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : സ്റ്റെക്ച്വൽ ചിറവിൻ പ്രകാരം നൽ കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. എ. താണുപിള്ള : തിരുവിതാംകൂർ കൊച്ചി ഫാക്ടറികളും എന്നും തിരുവിതാംകൂർ കൊച്ചി നെയ്ത്തുകാരെന്നും ഉള്ള അടിസ്ഥാനത്തിൽ കണക്കാക്കി തിരുവിതാംകൂർ ഭാഗത്തുള്ള നെയ്ത്തുകാക്ക് കുറച്ച് നൽ കൊടുക്കുന്നതു് ശരിയല്ലെന്നു ധരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചെയ്യുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ൩൦,൦൦൦ തറികളും ഉണ്ടെന്നു പറഞ്ഞതു് മുഴുവനും യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൩൦,൦൦൦ തറികളും എന്നുള്ളതു് കുറച്ച് അധികമാണെന്നു് തോന്നുന്നുണ്ടു്. അതുകൊണ്ടു് തറികളുടേയും നെയ്ത്തുകാരുടേയും ഒരു സെൻസസ് എടുക്കാൻ വിചാരിക്കുന്നുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒരു ചോദ്യം ചോദിക്കുന്ന ആൾക്ക് ഉപചോദ്യങ്ങളും ചോദിക്കുന്നതിനുള്ള പ്രിഫറൻസ് ആദ്യത്തെ ടേൺ കഴിഞ്ഞാലും കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ. സ്പീക്കർ : അങ്ങിനെ വേണമെന്നു് നിർബ്ബന്ധിക്കുന്നതായി ചട്ടമില്ല. എന്നാൽ ഉപചോദ്യങ്ങളും ചോദിക്കാൻ അനുവദിക്കുന്ന കാര്യത്തിൽ ആ സംഗതിയും പരിഗണിക്കാവുന്നതാണു്.

ശ്രീ. വി. കെ. വേലായുധൻ : പുതിയ ഫാക്ടറികളും ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നുണ്ടു്. അവയ്ക്കും പഴയ ഫാക്ടറികളുടെ തോതനുസരിച്ച് നൽ കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

വിജയമോഹിനി മില്ലിലെ ഉല്പാദനം

* ൫൦൭ (ക്രൻ). ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആഭ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വിജയ മോഹിനി മില്ലിൽ നിന്നും ഒരു മാസം എത്ര നൽ ഉല്പാദിപ്പിക്കുന്നുണ്ടു്?

(ബി) വിജയമോഹിനി മില്ലിലെ നൽ എവിടെ വിതരണം ചെയ്തു വരുന്നു? വിതരണത്തിൽ മില്ലുകാർ അനുവർത്തിച്ചു് വരുന്ന നയം എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ശരാശരി ൩൦൦ മുതൽ ൩൫൦ വരെ ബെയിൽ നൽ ഉല്പാദിപ്പിക്കുന്നുണ്ടു്.

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിലാണു് വിതരണം നടത്തുന്നതു്. ൨൦-ാംനമ്പർ തറികളും ഉള്ളവരുടെ തറികളും പരിശോധിച്ചു് പ്രവർത്തനത്തിലിരിക്കുന്ന എല്ലാ തറികൾക്കും കാർഡ് നൽകി ഓരോ തറിക്കും നൽ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly